പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2463

18.12.2012 ൽ
മറുപടിയ്ക്ക്

## ചേർത്തല ഇൻഫോപാർക്കിന്റെ പ്രവർത്തനം

ചോദ്യം
ശ്രീ. പി. തിലോത്തമൻ ;

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ചേർത്തല ഇൻഫോപാർക്കിന്റെ പ്രവർത്തന പുരോഗതി വിശദമാക്കമോ ; ഇൻഫോപാർക്കിന് വേണ്ടി ഏറ്റെടുക്കപ്പെട്ട ഭൂമിയിൽ ഇതുവരെ എത്രമാത്രം ഉപയോഗിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ; എത്ര സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ; ചേർത്തല ഇൻഫോപാർക്കിൽ ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്നും അത് ഏതെല്ലാം വിഭാഗങ്ങളിലാണെന്നും വ്യക്തമാക്കാമോ ; | എ) ചേർത്തല ഇൻഫോപാർക്കിൽ 2,40,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി. സമുച്ചയം പൂർത്തീകരിച്ചു. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, ചുറ്റുമതിൽ, മലിനീകരണ ട്രീറ്റ്മെന്റ് പ്ലാന്റ്, ജലസംഭരണികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. 60 ഏക്കർ ഭൂമിയിൽ 18 ഏക്കറാണ് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരിക്കുന്നത്. ആദ്യത്തെ ഐ.ടി. മന്ദിരത്തിൽ ഇതിനകം നാല് ഐ.ടി. സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ചേർത്തല ഇൻഫോപാർക്കിൽ ഇതുവരെ 125 പേർക്ക് ഐ.ടി. ജോലിയും അനുബന്ധ ജോലികളും ലഭ്യമായിട്ടുണ്ട്. |
| ബി) പ്രസ്തുത പാർക്കിൽ ഉടനടി ആരംഭിക്കാനുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ മുതൽ മുടക്ക് എത്രയാണെന്നും സംരംഭകർ ആരാണെന്നും അതിലൂടെ എത്രപേർക്ക് ഏതെല്ലാം വിഭാഗങ്ങളിൽ തൊഴിൽ ലഭിക്കുമെന്നും വ്യക്തമാക്കാമോ ; | ബി) ഉടനടി ആരംഭിക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളിൽ 3 ഐ.ടി. കമ്പനികളും, KSEB യുടെ ഡാറ്റ സെന്ററും ഉൾപ്പെടുന്നു. അവയുടെ മുതൽമുടക്ക് രണ്ട് കോടി രൂപ വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിലൂടെ ഏകദേശം 200 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് പ്രസ്തുത പാർക്കിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ ; | സി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് പുതിയ സ്ഥാപനങ്ങൾ ഒന്നും ചേർത്തല ഇൻഫോപാർക്കിൽ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല ഇൻഫോപാർക്കിൽ ഉണ്ടായ പുതിയ നിക്ഷേപങ്ങളും, തൊഴിലവസരങ്ങളും വ്യക്തമാക്കാമോ ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുകയും, 120 ലധികം പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 34 കോടിയോളം രൂപ ഇൻഫോപാർക്ക് നേരിട്ടും 2 കോടി രൂപ കമ്പനികളും നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ